**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - കാസർഗോഡ് ജില്ലാപഞ്ചായത്ത് - 2018-19 വാർഷിക പദ്ധതിയിലെ പ്രോജക്ട് നം.138/18-19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട അംഗീകൃത തെയ്യം കലാകാരൻമാർക്ക് ആടയാഭരണങ്ങൾ വാങ്ങൽ എന്ന പദ്ധതി- പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2667/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 17.10.2018**

---

പരാമർശം:- 1) കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14/8/2018 തീയതിയിലെ ബി4/1527/18(1) നമ്പർ കത്ത്.

2) സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018 തീയതിയിലെ തീരുമാനം നമ്പർ 4.31.

**ഉത്തരവ്**

കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ പ്രൊജക്ട് നം.138/18-19 (അടങ്കൽ തുക 10 ലക്ഷം),പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട അംഗീകൃത തെയ്യം കലാകാരൻമാർക്ക് ആടയാഭരണങ്ങൾ വാങ്ങൽ എന്ന പദ്ധതിക്ക് പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കാസർഗോഡ് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയോഗം ഇക്കാര്യം പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ പ്രൊജക്ട് നം.138/18-19 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട അംഗീകൃത തെയ്യം കലാകാരൻമാർക്ക് ആടയാഭരണങ്ങൾ വാങ്ങൽ എന്ന പദ്ധതി, ചെലവ് നിരക്ക് നൂതന പ്രോജക്ടിനുള്ള ജില്ലാതല സമിതി നിശ്ചയിക്കേണ്ടതാണ് എന്ന

നിബന്ധനയോടെ നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാകളക്ടർ, കാസർഗോഡ്
ജില്ലാപഞ്ചായത്ത് സെക്രട്ടറി, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ